# മലങ്കര മാർത്തോമ്മാ സുറിയാനി സഭ

**മാർത്തോമ്മാ സണ്ടേസ്കൂൾ സമാജം പ്രസിഡന്റ് ജോസഫ് മാർ ബർന്നബാസ് എപ്പിസ്കോപ്പായിൽ നിന്നും**

*സർക്കുലർ നമ്പർ: 131*

കർത്താവിൽ വത്സലരേ,

നിങ്ങൾക്ക് ശുഭം വർദ്ധിച്ചുവരുമാറാകട്ടെ

കർത്താവിന്റെ തിരുസഭയിൽ കഴിഞ്ഞ 113 വർഷമായി ക്രിസ്തീയ വിദ്യാഭ്യാസം നിർവ്വഹിക്കുവാൻ ദൈവം തിരഞ്ഞെടുത്ത് നിയമിച്ച സംഘടനയാണ് മാർത്തോമ്മാ സൺഡേസ്കൂൾ സമാജം. തിരുസഭയിലൂടെയും തിരുവചനത്തിലൂടെയും നമുക്ക് ലഭിച്ച ദൈവീക മർമ്മങ്ങൾ പുതിയ തലമുറയിലേക്ക് സന്നിവേശിപ്പിക്കുവാൻ സമാജത്തിന് കഴിയണം. രക്ഷകനായ യേശുവിനെ അറിയുവാനും മനസ്സിലാക്കുവാനും ആ ക്രിസ്തുവിശ്വാസത്തിൽ ഉറയ്ക്കുന്നതിനും സഭയിലെ കുട്ടികളെ സജ്ജമാക്കുന്നതിന് ഈ നാളുകളിൽ സമാജം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. സൺഡേസ്കൂൾ അഭ്യസനമില്ലാതെ ഒരു കുട്ടിയും നമ്മുടെ ഇടവകയിൽ ഉണ്ടായിരിക്കരുത്. ദൈവവചനത്തോടും സഭയോടും പ്രകൃതിയോടും ബന്ധമുള്ള ഒരു പുത്തൻ തലമുറയെ കരുതലോടെ അഭ്യസിപ്പിക്കുവാൻ നമുക്ക് കഴിയണം. സമാജത്തെ ഓർക്കുന്നതിനും പ്രാർത്ഥിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും നവംബർ മാസം 4-ാം തീയതി ഞായറാഴ്ച വേർതിരിച്ചിരിക്കണം. സൺഡേസ്കൂൾദിനമായി അന്ന് കൊണ്ടാടണം. ആരാധനയിൽ കുട്ടികൾക്ക് പ്രാമുഖ്യം കൊടുക്കണം. അഖിലലോകസൺഡേസ്കൂൾ ദിനമായി അന്നേ ദിവസം ആചരിക്കുന്നു. സമാജത്തിനു വേണ്ടിയുള്ള സ്തോത്രകാഴ്ചയിൽ ഔദാര്യമായി പങ്കെടുക്കുക. നമ്മുടെ സൺഡേസ്കൂൾ കുട്ടികൾ എല്ലാവരും ആരാധനയിൽ പങ്കുകൊള്ളുന്നുവെന്ന് ചുമതലക്കാർ ഉറപ്പുവരുത്തണം. കഴിവതും ആരാധനയ്ക്കുശേഷം സൺഡേസ്കൂൾ പഠനം ആരംഭിക്കുന്നത് അഭികാമ്യമാണ്. നമ്മുടെ കുട്ടികളുടെ കലാസാഹിത്യഅഭിരുചികൾ വർദ്ധിപ്പിക്കുന്നതിന് സൺഡേസ്കൂളിനോട് ചേർന്ന് സൺഡേസ്കൂളിന്റെ ഭാഗമായി എല്ലാ ഇടവകകളും ബാലസമാജം ആരംഭിക്കണം.

ഈ കാലയളവിൽ സൺഡേസ്കൂൾ സമാജം വൈസ് പ്രസിഡന്റായി ശ്രീ. ഏബ്രഹാം വർഗ്ഗീസ്, ട്രഷറാറായി പ്രൊഫ. ജേക്കബ് കോശി, ജനറൽ സെക്രട്ടറിയായി ദിവ്യശ്രീ. റവ. നൈനു ചാണ്ടി അച്ചൻ (9 വർഷം) എന്നിവർ സ്തുത്യർഹമായി പ്രവർത്തിച്ചു. 2018-2021 കാലയളവിലേക്ക് വൈസ് പ്രസിഡന്റായി ഡോ. കെ.കെ. ജോൺ, ട്രഷറാറായി ശ്രീ. സജു മാത്യു, ജനറൽ സെക്രട്ടറിയായി ദിവ്യശ്രീ. റവ. ജോർജ്ജ് ചെറിയാൻ എന്നിവരെ പൊതുയോഗം തിരഞ്ഞെടുത്തിരിക്കുന്നു. മുൻകാല പ്രവർത്തകരോട് സന്തോഷവും പുതിയതായി ചുമതലയിൽ പ്രവേശിച്ചവർക്ക് അനുമോദനവും അറിയിക്കുന്നു.

സൺഡേസ്കൂൾ അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും ദൈവം മേൽക്കുമേൽ അനുഗ്രഹിക്കട്ടെ. ദൈവം കണക്കു ചോദിക്കും എന്ന ചിന്തയിൽ ദൈവദാനമായ കുഞ്ഞുങ്ങളെ പത്ഥ്യോപദേശത്തിലും സത്യവിശ്വാസത്തിലും ഉറപ്പിക്കുന്നതിന് ഏവരും ഉത്സാഹിക്കുക.

കർത്താവ് അനുഗ്രഹിക്കട്ടെ.

ക്രിസ്താബ്ദം 2018 ഒക്ടോബർ മാസം 4-ാം തീയതി തിരുവനന്തപുരം മാർത്തോമ്മാ അരമനയിൽ നിന്നും

**ജോസഫ് മാർ ബർന്നബാസ് എപ്പിസ്ക്കോപ്പാ**

സൺഡേസ്കൂൾ സമാജം പ്രസിഡന്റ്

# Mar Thoma Syrian Church of Malabar

From the President of The Mar Thoma Sunday School Samajam, Joseph Mar Barnabas Episcopa

*Circular No. 131*

Beloved in Christ,

May you grow in goodness.

God has chosen the Mar Thoma Sunday School Samajam as a channel to initiate Christian Education in the Church for the last 113 years. Samajam should be able to inculcate God's mysteries to the new generation which was handed over through our Church and the World of God. Samajam has been working hard to equip our children, to know and understand, Jesus our Saviour and to root their faith in Christ. No child should be left without Sunday School Education in our parish. Careful efforts should be taken to help our children to grow in relation with the Word of God, Church and nature. November 4th should be set apart to remember, pray and to encourage the activities of the Samajam. We observe the World Sunday School day on that day. All of you are urged to contribute generously in the offertory for the Samajam.

The office bearers of each Sunday School should make sure that the Sunday School children are participating in the worship service. It is desirable to conduct Sunday school classes after the worship service. Each Sunday School must begin Balasamajam in order to cater to the cultural and literary talents of our children.

During the last few years, the office bearers, Mr. Abraham Varghese (Vice President), Prof. Jacob Koshy (Treasurer), Rev. Ninu Chandy (General Secretary, 9 years), served the Samajam fruitfully. The General Body has elected Dr. K.K. John (Vice President), Mr. Saju Mathew (Treasurer), Rev. George Cherian (General Secretary) for the term 2018-2021. Gratitude to all the previous office bearers and wishes to the newly elected office bearers.

May the Almighty bless our teachers and children with his manifold blessings. Remember that, you will be held accountable to the Lord with regard to strengthening God's gift-our children in right teaching and true faith.

May God bless you.

From The Trivandrum Mar Thoma Aramana

4th October, 2018

**Rt. Rev. Joseph Mar Barnabas Episcopa**
President, Mar Thoma Sunday School Samajam